"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -കാസർഗോഡ് ജില്ലയിലെ മുളിയാർ ഗ്രാമ പഞ്ചായത്ത്- ശ്രീ രമേശൻ ബി, ബോവിക്കാനം B.A.R HSS ന് സമീപം, മുളിയാർ- എൻഡോസൾഫാൻ ഇരയായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആൾക്ക് വാർഷിക പദ്ധതിയിലോ തൊഴിലുറപ്പ് പദ്ധതിയിലോ ഉൾപ്പെടുത്തി റോഡ് നിർമ്മിച്ച് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1407/2022/LSGD തീയതി,തിരുവനന്തപുരം, 07-06-2022

---

പരാമർശം:-

1. ശ്രീ. രമേശൻ ബി, ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച 07/01/2019 തീയതി രേഖപ്പെടുത്തിയ നിവേദനം.
2. മുളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.09.2020 ലെ SC2-1585/20 നമ്പർ കത്ത്.
3. കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27/04/2022-ലെ ADP-KSD/915/2019-SC10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ മുളിയാർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ 304 നമ്പർ കെട്ടിടത്തിൽ താമസിക്കുന്ന, എൻഡോസൾഫാൻ ഇരയായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട, ശ്രീ രമേശൻ ബി ക്ക് സ്കൂട്ടർ വീട്ടിലേക്ക് കൊണ്ടു പോകുന്നതിന്, സ്വന്തം സ്ഥലത്ത് കൂടി 50 മീറ്റർ റോഡ് നിർമ്മിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിച്ച് നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനമായെങ്കിലും, നിലവിലെ പദ്ധതിരേഖ പ്രകാരം ഒരു വ്യക്തിക്ക് മാത്രം ഗുണം ലഭിക്കുന്ന പദ്ധതിയാകയാൽ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടെന്നും അതിനാൽ സർക്കാരിന്റെ പ്രത്യേക അനുമതി തേടുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചെന്നും സൂചന (2) പ്രകാരം മുളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എൻഡോസൾഫാൻ ഇര, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാൾ എന്നീ പരിഗണനകളോടെ പ്രത്യേക കേസായി പരിഗണിച്ച് കാസറഗോഡ് ജില്ലയിലെ മുളിയാർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ

ബോവിക്കാനം B.A.R HSS ന് സമീപം 304 നമ്പർ കെട്ടിടത്തിൽ താമസിക്കുന്ന ശ്രീ രമേശൻ ബി-ക്ക്, ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലോ തൊഴിലുറപ്പ് പദ്ധതിയിലോ ഉൾപ്പെടുത്തി മുച്ചക്ര വാഹനം വീട്ടിലേക്ക് കൊണ്ടു പോകുന്നതിന്, സ്വന്തം സ്ഥലത്ത് കൂടി 50 മീറ്റർ റോഡ് നിർമ്മിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA R
അണ്ടർ സെക്രട്ടറി

ശ്രീ. രമേശൻ ബി, ബോവിക്കാനം B.A.R HSS ന് സമീപം, മൂന്നാം വാർഡ്
(വീട്ടുനമ്പർ 304) മുളിയാർ, കാസർഗോഡ്- 671 542
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
പ്രസിഡന്റ്/ സെക്രട്ടറി, മുളിയാർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 07-06-2022 17:18:51
സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്